**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1034** **27-07-2021 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും കേരഗ്രാമം പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ മൂന്നിയൂർ, പെരുവള്ളൂർ, വള്ളിക്കുന്നം എന്നീ പഞ്ചായത്തുകളിൽ യഥാക്രമം 2017–18, 18-19, 19-20 എന്നീ വർഷങ്ങളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ ചേലാമ്പ്ര, തേഞ്ഞിപ്പാലം എന്നീ പഞ്ചായത്തുകളെക്കൂടി കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | തെങ്ങു കൃഷി മുഖ്യമായിട്ടുള്ളതും ചേർന്നു കിടക്കുന്ന 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്നത് കൂടാതെ മുൻ വർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളെയാണ് ഇതിനായി മുൻഗണന നൽകി തിരഞ്ഞെടുത്തു വരുന്നത്. |

സെക്ഷൻ ഓഫീസർ